## പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 41 | 03/03/2020-ൽ മറുപടിയ്ക്ക്

### കേരള ബാങ്ക് വഴി മെച്ചപ്പെട്ട വായ്പാ വിതരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ<br>ശ്രീ. മുല്ലക്കര രത്നാകരൻ<br>ശ്രീമതി ഇ.എസ്.ബിജിമോൾ<br>ശ്രീ. എൽദോ എബ്രഹാം | | ശ്രീ.കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ വായ്പാരംഗത്ത് നിലവിലുള്ള ത്രിതല സംവിധാനം ദ്വിതല സംവിധാനത്തിലേക്ക് മാറുമ്പോൾ ഉള്ള നേട്ടങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ; | (എ) | ജില്ലാ സഹകരണ ബാങ്കുകൾ സംസ്ഥാന സഹകരണ ബാങ്കിൽ ലയിക്കുന്നതോടെ എല്ലാത്തരം ബാങ്കിംഗ് പ്രവർത്തനങ്ങളും ഏറ്റെടുത്ത് നടത്താൻ പ്രാപ്തിയുള്ള റിസർവ്വ് ബാങ്ക് അനുമതിയുള്ള ബാങ്കായി കേരള ബാങ്കിന് ഉയരാൻ കഴിയും. സഹകരണ ബാങ്കിംഗ് മേഖല അതിനൂതന സാങ്കേതിക മികവിലേയ്ക്ക് വരുമ്പോൾ ചെറുപ്പക്കാരായ ഉപഭോക്താക്കളെ ഈ മേഖലയിലേയ്ക്ക് കൂടുതലായി ആകർഷിക്കാൻ കഴിയും. കേരള ബാങ്ക് വരുന്നതോടെ വായ്പയും നിക്ഷേപവും വർദ്ധിക്കും. അതുവഴി നബാർഡിൽ നിന്നും കൂടുതൽ പുനർവായ്പ ലഭിക്കും. ജില്ലാ ബാങ്ക് എന്നതലം ഇല്ലാതാവുന്നതോടെ കർഷകർക്ക് നിലവിലെ പലിശനിരക്കിൽ നിന്നും കുറഞ്ഞ നിരക്കിൽ വായ്പ നൽകാൻ കഴിയും. കാർഷികേതര വായ്പയുടെ പലിശനിരക്കും കുറയ്ക്കാൻ കഴിയും. ലയനത്തിലൂടെ കൂടുതൽ കരുത്ത് ആർജ്ജിക്കുന്ന ബാങ്കിന് കേരളത്തിന്റെ വികസനപ്രക്രിയയിൽ കൂടുതലായി ഇടപെടുവാൻ കഴിയും. സാമ്പത്തിക ഉൾപ്പെടുത്തൽ, സാമ്പത്തിക സാക്ഷരത തുടങ്ങിയ സർക്കാർ ലക്ഷ്യങ്ങൾ കൂടുതലായി സാക്ഷാത്ക്കരിക്കപ്പെടുന്നു. വികസന ലക്ഷ്യത്തിനനുസരിച്ച് സാമ്പത്തിക പിൻതുണ നൽകുവാൻ സാധിക്കുന്നു. സഹകരണ ബാങ്കിംഗ് മേഖലയുടെ ഭാവിപരിരക്ഷയ്ക്ക് ഉതകുന്ന രീതിയിൽ ഒരു മാതൃക സ്ഥാപനം ഉണ്ടാകുന്നു. |

| | | | |
|---|---|---|---|
| (ബി) | സഹകരണ മേഖലയിൽ മൂന്ന് തട്ട് കടന്ന് വായ്പക്കാരന്റെ കയ്യിൽ എത്തുമ്പോഴുള്ള പലിശഭാരം, ജില്ലാ ബാങ്ക് ഇല്ലാതാകുന്ന സ്ഥിതിയിൽ വളരെയധികം കുറയുമോയെന്ന് വിശദമാക്കുമോ; | (ബി) | സഹകരണമേഖലയിലെ ഹ്രസ്വകാല വായ്പാഘടനയിൽ ഒരു തട്ട് ഇല്ലാതാകുന്ന-തോടുകൂടി പ്രാഥമിക സഹകരണ സംഘങ്ങൾക്ക് മികച്ച സേവനങ്ങൾ അംഗങ്ങൾക്ക് ലഭ്യമാക്കുവാൻ കഴിയും. കാർഷിക-കാർഷികേതര മേഖലയിൽ കൂടുതൽ വായ്പ നൽകുന്നതിനും സാധിക്കും. ഈ മേഖലയിൽ ഒരു തട്ട് ഒഴിവാക്കുന്നത് വഴി പലിശനിരക്കിൽ കുറവ് വരികയും അതിന്റെ നേട്ടം നേരിട്ട് കർഷകർക്കും മറ്റ് അംഗങ്ങൾക്കും എത്തിക്കാനും സാധിക്കും. |
| (സി) | മറ്റ് സഹകരണ സ്ഥാപനങ്ങളായ ഹൗസിംഗ് ഫെഡറേഷനും സംസ്ഥാന കാർഷിക വികസനബാങ്കും ചെയ്യുന്നതു പോലെയുള്ള ദ്വിതല സംവിധാനം നടപ്പിലാക്കുമ്പോൾ പ്രാഥമിക സഹക രണ ബാങ്കുകൾക്ക് മെച്ചപ്പെട്ട വായ്പ വിതരണത്തിന് ഏതൊക്കെ തരത്തിൽ ഉതകുമെന്ന് വ്യക്തമാക്കുമോ; | (സി) | കേരള ബാങ്ക് രൂപീകരിക്കുമ്പോൾ ഏറ്റവും വലിയ ഗുണഭോക്താക്കളാകുന്നത് പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളും അവരുടെ അംഗങ്ങളുമായിരിക്കും. അവരാണ് കേരള ബാങ്കിന്റെ നേരവകാശികളും ഉടമകളും കാർഷിക വായ്പാ-ബാങ്കിംഗ് പ്രവർത്തനത്തെ സംശുദ്ധമായി നിലനിർത്തണമെന്ന സർക്കാരിന്റെ കാഴ്ചപ്പാടാണ് ഈ നിലപാടിന് അടിസ്ഥാനം.<br>1) എല്ലാ ആധുനിക ബാങ്കിംഗ് സൗകര്യങ്ങളും കരഗതമാകുന്നു.<br>2) അംഗങ്ങൾക്ക്/ഇടപാടുകാർക്ക് കേരളബാങ്ക് നൽകുന്ന എല്ലാവിധ ബാങ്കിംഗ് സേവനങ്ങളും ഘട്ടം ഘട്ടമായി നൽകാൻ കഴിയും.<br>3) വായ്പയിൽ interest spread കുറയുന്നു. കുറഞ്ഞ പലിശനിരക്കിൽ കൂടുതൽ വായ്പ ലഭിക്കുന്നതിന് സാഹചര്യമുണ്ടാകും. അംഗങ്ങൾക്ക് കൂടുതൽ വായ്പ നൽകുന്നതിനും അതിലൂടെ ലാഭക്ഷമത വർദ്ധിപ്പിക്കുന്നതിനും കഴിയുന്നു.<br>4) കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വിവിധ DBT/EBT ആനുകൂല്യങ്ങൾ ഗ്രാമീണ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നേരിട്ട് കൈമാറുന്നതിന് സാധിക്കുന്നു. |

| | | | |
|---|---|---|---|
| | | | 5) കേരള ബാങ്കിന്റെ സാമ്പത്തിക സ്ഥിതി ശക്തമാകയാൽ നബാർഡിൽ നിന്നും പുനർവായ്പാ തുക വർദ്ധിപ്പിക്കാൻ കഴിയും. അതുവഴി കാർഷിക വായ്പാ തോത് വർദ്ധിപ്പിക്കാനാകും.<br>6) അധികഫണ്ട് കൂടുതൽ ആദായകരമായ രീതിയിൽ പുനർനിക്ഷേപിക്കുന്നതിനുള്ള സാധ്യതകളുണ്ടാകും.<br>7) കേരള ബാങ്കിന്റെ പ്രവർത്തനമൂല്യം ഉയരുന്നതിനനുസരിച്ച് ലാഭവിഹിതം ഉയർന്ന തോതിൽ ലഭിക്കുന്നു.<br>8) മൈക്രോഫിനാൻസ് രംഗത്ത് ഫലപ്രദമായ ഇടപെടൽ സാധ്യമാകുന്നു. |
| (ഡി) | കേരള ബാങ്ക് സാധാരണ ജനങ്ങളുടെ ആശാസങ്കേതവും കേരളത്തിലെ സഹകരണ പ്രസ്ഥാനത്തിന് അഭിമാനകരവുമാകുന്നത് ഏതൊക്കെ വിധത്തിലെന്ന് അറിയിക്കുമോ? | (ഡി) | മികച്ച സാങ്കേതിക സൗകര്യങ്ങളും മാനുഷികമൂല്യങ്ങളും സമന്വയിപ്പിച്ച് സഹകരണ ജനാധിപത്യത്തിലൂന്നിയ വലിയ ഒരു ബാങ്ക് യാഥാർത്ഥ്യമാകുന്നു. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വിവിധ DBT/EBT ആനുകൂല്യങ്ങൾ ഗ്രാമീണ ഉണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് കൈമാറുന്നതിന് സാധിക്കുന്നു. മൈക്രോ ഫിനാൻസ് രംഗത്ത് ഫലപ്രദമായ ഇടപെടൽ സാധ്യമാകുന്നു. സർവ്വീസ് ചാർജ്ജുകളുടെ പേരിൽ പൊതുമേഖലാ സ്വകാര്യ ന്യൂജനറേഷൻ ബാങ്കുകളുടെ ചൂഷണവും അവസാനിപ്പിക്കാനാകും. നാടിന്റെ വികസനത്തിൽ സഹകരണ മേഖലയ്ക്ക് ലഭിക്കുന്ന സ്ഥാനം സഹകാരികൾക്ക് അഭിമാനകരമാകുന്നു. |

സെക്ഷൻ ഓഫീസർ